LIBRARY ARCHIVES Kerala Legislative Assembly

ബഡ്ജറ്റിൽ പ്രഖ്യാപിച്ചശേഷം നടപ്പിലാക്കിയിട്ടില്ലാത്ത പദ്ധതികൾ

170 (515) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ ഓരോ സാമ്പത്തിക വർഷത്തേയും ബഡ്ജറ്റിൽ പ്രഖ്യാപിച്ചശേഷം നടപ്പിലാക്കിയിട്ടില്ലാത്ത പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ ;

(ബി) നാളിതുവരെ നടപ്പിലാക്കിയിട്ടില്ലാത്ത ബഡ്ജറ്റ് നിർദ്ദേശങ്ങളുടെ വർഷം തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

നിയമസഭാമണ്ഡല ആസ്തിവികസന പദ്ധതി പ്രവൃത്തികൾക്ക് ടെണ്ടർ എക്സസ്

171 (516) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നിയമസഭാമണ്ഡല ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർമുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ കൂടിയ നിരക്കിലാണ് ടെണ്ടർ ചെയ്തതെങ്കിൽ ആരാണ് അതിനുള്ള അനുമതി നൽകേണ്ടത് ; ഏത് ഹെഡ്ഡ് ഓഫ് അക്കൗണ്ടിലാണ് കൂടിയ തുക ഉൾപ്പെടുത്തേണ്ടത് ; വിശദാംശം നൽകുമോ ?

ഉത്തരം

നിയമസഭാമണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച് തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ഉൾപ്പെടെ വിവിധ വകുപ്പ് അദ്ധ്യക്ഷന്മാർ മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾ കൂടിയ നിരക്കിലാണ് ടെണ്ടർ ചെയ്തതെങ്കിൽ 9-5-2013-ലെ സ.ഉ.(പി) 214/13/ധന നമ്പർ ഉത്തരവിനു വിധേയമായുള്ള ടെൻണ്ടർ കമ്മിറ്റികളാണ് അനുമതി നൽകേണ്ടത്. ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവിൽ സൂചിപ്പിച്ചിരിക്കുന്ന ശീർഷകത്തിൽ തന്നെയാണ് തുക ഉൾപ്പെടുത്തേണ്ടത്.